# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1069** **30.10.2019-ൽ മറുപടിക്ക്**

## ബാലവേല വിമുക്ത സംസ്ഥാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>,, ജോൺ ഫെർണാണ്ടസ്<br>,, ഡി.കെ. മുരളി<br>പ്രൊഫ.കെ.യു. അരുണൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ബാലവേല നിർമ്മാർജ്ജനത്തിനും ബാലന്മാരായ തൊഴിലാളികളുടെ പുനരധിവാസത്തിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ലേബർ ഓഫീസർ(എൻഫോഴ്സ്മെന്റ്), അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-II) എന്നിവർ മുഖേന പരിശോധനകൾ നടത്തുമ്പോൾ ബാലവേല ഉണ്ടോ എന്നത് പരിശോധിച്ചുവരുന്നു. ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫയർ കമ്മിറ്റി എന്നിവരുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ ആഗോള ബാലവേല വിരുദ്ധ ദിനമായ ജൂൺ 12, ജില്ലകളിൽ ബാലവേല വിരുദ്ധദിനമായി ആചരിക്കുകയും സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. സ്കൂളുകളിലും മറ്റും സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ചൈൽഡ് & അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) ആക്റ്റിന്റെയും വിദ്യാഭ്യാസ അവകാശനിയമത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന ക്ലാസ്സുകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ടി ക്ലാസ്സുകളിൽ |

അങ്കണവാടി, കുടുംബശ്രീ, ആശാപ്രവർത്തകർ എന്നിവരെ കൂടി വനിതാശിശുവികസനവകുപ്പിന്റെ സഹകരണത്തോടുകൂടി പങ്കെടുപ്പിച്ച് വരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം നടന്നു വരുന്നു. ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ടാസ്ക് ഫോഴ്സും രൂപികരിച്ചിട്ടുണ്ട്. വനിതാശിശുവികസനവകുപ്പ് രൂപീകരിച്ചിട്ടുള്ള 'ശരണബാല്യം' പദ്ധതിയുമായി ചേർന്ന് ജില്ലകളിൽ വകുപ്പ് ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖാന്തിരം സ്ഥാപനങ്ങൾ പരിശോധിക്കുന്ന അവസരങ്ങളിൽ ബാലവേല നിരോധന നിയമപ്രകാരമുള്ള പരിശോധനകൾ നടത്തി വരുന്നു.

(ബി) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) നടത്താറുണ്ട്.

(സി) ആധുനിക വിവരസാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിലുടമ -തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ ബാലവേലയ്ക്കെതിരെ എന്തെല്ലാം ബോധവത്ക്കരണ പ്രചരണ പരിപാടികളാണ് വ്യാപകമായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി) വിവിധ തൊഴിൽ മേഖലകളിലും, വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലും ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന, തൊഴിലാളികൾക്കും തൊഴിലുടമകൾക്കും, കോൺട്രാക്ടർമാർക്കും ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. സ്ഥാപനങ്ങളിലും, തൊഴിൽമേഖലകളിലും ബാലവേല നിരോധനവുമായി ബന്ധപ്പെട്ട് പോസ്റ്റർ പതിക്കുകയും ലഘുലേഖ വിതരണം നടത്തി വരുകയും ചെയ്യുന്നു. ബാലവേല നിർമ്മാർജ്ജനത്തിനായി ചൈൽഡ് ലൈൻ, ജില്ലാ ശിശു സംരക്ഷണവകുപ്പ്, ജുവനൈൽ പോലീസ് എന്നീ വകുപ്പുകളുമായി സഹകരിച്ച് സ്ക്വാഡ് പരിശോധനകൾ നടത്തിവരുന്നു.

ചൈൽഡ് ലേബർ (പ്രൊഹിബിഷൻ & റെഗുലേഷൻ) അമെന്റ്മെന്റ് റൂൾസ് പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ മിന്നൽ പരിശോധന നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ